**No.SSG1/250/2020//TC**

**ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,**
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]
**തീയ്യതി, 16/06/2021.**

## സർക്കുലർ നം. 12/2021.

വിഷയം:- **മോട്ടോർ വാഹന വകുപ്പ്** - മോട്ടോർ വാഹന വകുപ്പിന്റെ കീഴിലുള്ള എല്ലാ അതിർത്തി ചെക്ക് പോസ്റ്റുകളിലേയും സേവനങ്ങൾ ഓൺ ലൈൻ ആക്കിയത് — സംബന്ധിച്ച്

പരാമർശം:-

21/06/2021 മുതൽ കേരള മോട്ടോർ വാഹന വകുപ്പിന്റെ കീഴിലുള്ള എല്ലാ അതിർത്തി ചെക്ക് പോസ്റ്റുകളിലേയും സേവനങ്ങൾ പരിവാഹൻ സോഫ്റ്റ് വെയർ സംവിധാനവുമായി ബന്ധിപ്പിച്ച് ഓൺ ലൈൻ സംവിധാനവുമായി ബന്ധിപ്പിച്ച് ഓൺ ലൈൻ സംവിധാനം നിലവിൽ വരുന്നു. അപേക്ഷകൻ വാഹൻ പോർട്ടലിലെ ചെക്ക് പോസ്റ്റ് മൊഡ്യൂൾ വഴി ഓൺ ലൈൻ അപേക്ഷ സമർപ്പിച്ച്, ടാക്സ്/പെർമിറ്റ് ഫീസ്/സെസ്സ്/ഗ്രീൻ ടാക്സ് എന്നിവ ഓൺ ലൈൻ ആയി അടക്കേണ്ടതാണ്. ലഭിക്കുന്ന പെർമിറ്റ്/ടാക്സ് രസീതി പ്രിന്റ് എടുത്ത്, വാഹനം കടന്നു പോകുന്ന ചെക്ക്പോസ്റ്റിൽ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. തദവസരത്തിൽ ഒടുക്കിയ ടാക്സിൽ വ്യത്യാസമുണ്ടെന്ന് പരിശോധനാ ഉദ്യോഗസ്ഥന് ബോധ്യപ്പെട്ടാൽ, ഡിഫറൻസ് ഓഫ് ടാക്സ് മോഡ്യൂൾ ഉപയോഗിച്ച് ടാക്സ് സ്വീകരിക്കേണ്ടതാണ്. നോൺ വാഹൻ സംസ്ഥാനങ്ങളിലെ വാഹനങ്ങളുടെ അപേക്ഷയും ഓൺ ലൈൻ ആയി തന്നെ സമർപ്പിക്കണം.

ചെക്ക് പോസ്റ്റ് വഴി കടന്നു പോകുന്ന വാഹനങ്ങളുടെ വിവരങ്ങൾ ഉദ്യോഗസ്ഥൻ Movement entry/exit-ൽ രേഖപ്പെടുത്തേണ്ടതാണ്.

ചെക്ക് പോസ്റ്റുകളിൽ സ്വീകരിച്ച തുകയുടെ വിവരങ്ങൾ Report Module-ലെ Day end statement -ൽ ലഭ്യമാണ്. E-Treasury സംവിധാനത്തിലൂടെ Chelan prepare ചെയ്യാവുന്നതാണ്.

വാഹനങ്ങളിൽ ക്രമക്കേടുകൾ കണ്ടെത്തുന്ന പക്ഷം, E-Chelan ഉപയോഗിച്ച് Chelan തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

എം.ആർ.അജിത്കുമാർ ഐ.പി.എസ്
അഡീഷണൽ ഡി.ജി.പി & ട്രാൻസ്പോർട്ട് കമ്മീഷണർ

Kca/-